**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2096

18.06.2013-ലെ മറുപടിയ്ക്ക്

# തിരുവനന്തപുരത്ത് സഹകരണ ഭവന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) തിരുവനന്തപുരത്ത് 'സഹകരണ ഭവൻ' നിർമ്മിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തിരുവനന്തപുരത്ത് തൈക്കാട് വില്ലേജിലെ റീസർവ്വേ നമ്പർ 2 ൽപ്പെട്ട 26.7 ആർ സ്ഥലം 19.12.2012 ലെ ജി.ഒ.(എം.എസ്) 480/2012/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി അനുവദിച്ച നൽകിയിട്ടുണ്ട്. മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം, ബഹു.മുഖ്യമന്ത്രി 10.01.2013 ന് നിർവ്വഹിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടം പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് വിഭാഗം ലേല നടപടികൾ സ്വീകരിക്കുകയും കെട്ടിടം പൊളിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തിന്റെ സോയിൽ ടെസ്റ്റിംഗ് ജോലികൾ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ നിർവ്വഹിച്ചിട്ടുണ്ട്. മന്ദിരത്തിന്റെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ ഏൽപ്പിച്ചുകൊണ്ടും, ആയതിന്റെ മേൽ നോട്ടത്തിനായി സഹകരണ വകുപ്പ് മന്ത്രി ചെയർമാനായും സഹകരണ വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ആയതിനായി എത്ര സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്; എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള, എത്ര നില കെട്ടിടം നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ആസ്ഥാന മന്ദിര നിർമ്മാണത്തിനായി 65 സെന്റ് സ്ഥലം (26.7 ആർ) അനുവദിച്ചിട്ടുണ്ട്. 14 നിലകളിലായി ഏകദേശം 1,48,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങൾക്ക് പ്രസ്തുത കെട്ടിടത്തിൽ സ്ഥല സൗകര്യം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | നിർദ്ദിഷ്ട കെട്ടിടത്തിൽ, സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ആഫീസുകൾക്കും കൂടാതെ വിവിധ സഹകരണ ബോർഡുകൾ, എൻ.സി.ഡി.സി., സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾക്കും സ്ഥല സൗകര്യം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | കെട്ടിട നിർമ്മാണത്തിന് ഏതെല്ലാം നിലയിൽ എന്ത് തുക | (ഇ) | കെട്ടിട നിർമ്മാണത്തിനായി 2009 ലെ സഹകരണ എക്സിബിഷൻ, 2012 ലെ സഹകരണ |

| | | | |
|---|---|---|---|
| | സമാഹരിക്കാനുദ്ദേശിക്കുന്നു; സർക്കാർ നൽകുന്ന തുക എത്രയായിരിക്കും; | | കോൺഗ്രസ്സ്/എക്സ്പോ എന്നിവയ്ക്കു വേണ്ടി സമാഹരിച്ച/ലഭ്യമായ തുകയുടെ ബാക്കി നിൽപ്പ് മന്ദിര നിർമ്മാണത്തിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മന്ദിര നിർമ്മാണത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടത്തിന്റെ അംഗീകൃത എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയാണ് സമാഹരിക്കേണ്ട തുക നിശ്ചയിക്കുന്നത്. സർക്കാരിന്റെ വിഹിതം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. നടപ്പ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് ധനസഹായം വകയിരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്നറിയിക്കുമോ? | (എഫ്) | കെട്ടിട നിർമ്മാണം ആരംഭിച്ച് 18 മാസം കൊണ്ട് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ